# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 02.06.2025**

### പ്രധാനവാർത്തകൾ

1) ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയും പരാഗ്വേയും ഒറ്റക്കെട്ടാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പരാഗ്വേ പ്രസിഡൻറുമായി പ്രധാനമന്ത്രി ഇന്ന് ന്യൂഡൽഹിയിൽ പ്രതിനിധി തല ചർച്ച നടത്തി.

2) നിലമ്പൂർ ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. എം.സ്വരാജും, മോഹൻ ജോർജും, പി.വി.അൻവറും ഇന്ന് പത്രിക സമർപ്പിച്ചു.

3) കൃത്യമായ പരിശോധനകൾ നടക്കുന്നതിനാലാണ് കേരളത്തിൽ കൂടിയ തോതിൽ കോവിഡ് വ്യാപനം റിപ്പോർട്ട് ചെയ്യുന്നതെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.

4) സംസ്ഥാനത്ത് ഒന്നാം വർഷ ഹയർസെക്കണ്ടറി, **VHSE** പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു.

5) സംസ്ഥാനത്ത് മഴയ്ക്ക് നേരിയ ശമനം. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6) ഐപിഎൽ ഫൈനലിൽ നാളെ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു - പഞ്ചാബ് കിംഗ്സുമായി ഏറ്റുമുട്ടും.

---------------------

RNU TVPM

## പരാഗ്വേ പ്രസിഡൻറ് (ഇൻട്രോ)

ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയും പരാഗ്വേയും ഒറ്റക്കെട്ടാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പരാഗ്വേ പ്രസിഡൻ്റ് സാൻറിയാഗോ പെന പലാസിയോസുമായി പ്രധാനമന്ത്രി ഇന്ന് ന്യൂഡൽഹിയിൽ പ്രതിനിധി തല ചർച്ച നടത്തി. ജൈവ ഇന്ധനം, ശുദ്ധമായ ഊർജ്ജം, ഹരിത ഹൈഡ്രജൻ, തുടങ്ങിയ മേഖലകളിൽ ഇരുരാജ്യങ്ങൾക്കുമിടയിൽ സഹകരണം ശക്തിപ്പെടുത്താൻ ചർച്ചയിൽ ധാരണയായി. ഡിജിറ്റൽ സാങ്കേതികവിദ്യ, കൃഷി, പ്രതിരോധം, റെയിൽവേ, ബഹിരാകാശം തുടങ്ങിയ മേഖലകളിലും ഇന്ത്യയ്ക്കും, പരാഗ്വേയ്ക്കുമിടയിൽ നിരവധി സാധ്യതകളുണ്ടെന്ന് ശ്രീ മോദി പറഞ്ഞു.

(വോയിസ്)

മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി എത്തിയ പരാഗ്വേ പ്രസിഡൻ്റ്, രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ എന്നിവരുമായും കൂടിക്കാഴ്ച നടത്തും.

RNU TVPM

----------------------

## നിലമ്പൂർ-തെരഞ്ഞെടുപ്പ്

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. എൽഡിഎഫ് സ്ഥാനാർഥി എം.സ്വരാജ്, എൻഡിഎ സ്ഥാനാർഥി മോഹൻ ജോർജ്, തൃണമൂൽ കോൺഗ്രസ് സ്ഥാനാർഥി പി.വി.അൻവർ എന്നിവർ ഇന്ന് പത്രിക സമർപ്പിച്ചു. മുതിർന്ന നേതാക്കൾക്കും, പാർട്ടി പ്രവർത്തകർക്കുമൊപ്പമാണ് സ്ഥാനാർത്ഥികൾ എത്തിയത്. കഴിഞ്ഞ ദിവസം തന്നെ പത്രിക സമർപ്പിച്ച യുഡിഎഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്തിൻറെ തിരഞ്ഞെടുപ്പ് കൺവെൻഷൻ മുതിർന്ന കോൺഗ്രസ് നേതാവ്

കെ.സി വേണുഗോപാൽ ഇന്ന് ഉദ്ഘാടനം ചെയ്യു. നിലമ്പൂരിൽ ഈ മാസം 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

----------------------

**കോവിഡ് വീണാ ജോർജ് (ഇൻട്രോ)**

കോവിഡ് വ്യാപനം പരിശോധനകളിലൂടെ കൃത്യമായി രേഖപ്പെടുത്തുന്നതു കൊണ്ടാണ് കേരളത്തിൽ കൂടുതൽ കോവിഡ് വ്യാപനവും മരണവും റിപ്പോർട്ട് ചെയ്യുന്നതെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. കേരളത്തിലാണ് കോവിഡ് കേസുകൾ കൂടുതൽ റിപ്പോർട്ട് ചെയ്യുന്നതെന്ന കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൻറെ കണക്കുകളോട് പത്തനംതിട്ടയിൽ പ്രതികരിക്കുകയായിരുന്നു ആരോഗ്യമന്ത്രി. നിലവിലെ കോവിഡ് വകഭേദത്തിന് വ്യാപനശേഷി കൂടുതലാണെന്നും, അതിനാൽ മുൻകരുതൽ അവശ്യമാണെന്നും മന്ത്രി പറഞ്ഞു. പൊതുജനങ്ങൾ അനാവശ്യമായ ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കണമെന്നും ആരോഗ്യ മന്ത്രി അഭ്യർത്ഥിച്ചു.

(ഹോൾഡ് വോയ്സ്)

രാജ്യത്ത് നിലവിൽ മൂവായിരത്തി തൊള്ളായിരത്തി അറുപത്തിലധികം കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്യതിൽ, 1,035 രോഗബാധിതർ കേരളത്തിൽ നിന്നാണെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം വ്യക്തമാക്കിയിരുന്നു.

----------------------

**സ്കൂൾ തുറക്കൽ (ഇൻട്രോ)**

രണ്ട് മാസത്തെ മധ്യവേനലവധിക്ക് ശേഷം സംസ്ഥാനത്തെ സ്കൂളുകൾ ഇന്ന് തുറന്നു. സംസ്ഥാനതല പ്രവേശനോത്സവം മുഖ്യമന്ത്രി പിണറായി വിജയൻ ആലപ്പുഴ കലവൂർ സ്കൂളിൽ ഉദ്ഘാടനം ചെയ്യു. ഒട്ടേറെ പ്രത്യേകതകളോടെയാണ് ഇത്തവണത്തെ അധ്യയന വർഷത്തിന് തുടക്കം കുറിച്ചിരിക്കുന്നത്.

RNU TVPM

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്.
(വോയ്സ്)

---------------------

**പ്ലസ് വൺ പരീക്ഷാഫലം**

സംസ്ഥാനത്ത് ഒന്നാം വർഷ ഹയർസെക്കണ്ടറി / വൊക്കേഷണൽ ഹയർസെക്കണ്ടറി പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു. 62.28 ശതമാനമാണ് വിജയം. results.hse.kerala.gov.in എന്ന വെബ്സൈറ്റിൽ ഫലം ലഭ്യമാണ്. പ്ലസ് വൺ പ്രവേശനത്തിനുള്ള ആദ്യ അലോട്ട്മെൻറും സംസ്ഥാനത്ത് പ്രസിദ്ധീകരിച്ചു. ഇത് പ്രകാരമുള്ള പ്രവേശനം വ്യാഴാഴ്ച പൂർത്തിയാകും. ഈ മാസം10 ന് രണ്ടാം അലോട്മെന്റും,16 ന് മൂന്നാം അലോട്ട്മെന്റും പ്രസിദ്ധീകരിക്കും. 18 നാണ് പ്ലസ് വൺ ക്ലാസുകൾ ആരംഭിക്കുക.

---------------------

**പ്രധാനമന്ത്രി**

ആഗോള വ്യോമഗതാഗത രംഗത്തെ സുപ്രധാന ഘടകമാണ് ഇന്ത്യൻ വ്യോമയാന മേഖലയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ബഹിരാകാശ-വ്യോമയാന രംഗങ്ങളിൽ ഇന്ത്യ മുൻനിര ശക്തിയായി ഉയർന്നുവരികയാണെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ IATA യുടെ 81-ാമത് വാർഷിക പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

---------------------

**എം.ബി രാജേഷ്**

താൽകാലിക നിയമനങ്ങളിൽ ബഡ്സ് സ്കൂൾ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് മുൻഗണന നൽകുന്ന കാര്യം പരിശോധിക്കുമെന്ന് മന്ത്രി എം.ബി

RNUTVPM

രാജേഷ്. നിയമപരവും സാങ്കേതികവുമായ വശങ്ങൾ കൂടി നോക്കിയ ശേഷം മറ്റ് തടസ്സങ്ങളൊന്നും ഇല്ലെങ്കിൽ അതുമായി മുന്നോട്ട് പോകുമെന്ന് ബഡ്സ് സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് മന്ത്രി പറഞ്ഞു. കുടുംബശ്രീ നടത്തുന്ന ഏറ്റവും വലിയ സാമൂഹിക ഇടപെടലാണ് ബഡ്സ് സ്കൂളുകളും റീഹാബിലിറ്റേഷൻ സെന്ററുകളുമെന്നും അദ്ദേഹം വ്യക്തമാക്കി.

----------------------

## അങ്കണവാടി പ്രവേശനോത്സവം

അങ്കണവാടി പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ പത്തനംതിട്ട മെഴുവേലി അങ്കണവാടിയിൽ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. പ്രീസ്കൂൾ കുട്ടികൾക്കായുള്ള പരിഷ്കരിച്ച മാതൃക ഭക്ഷണ പദ്ധതിയുടെ പ്രകാശനവും, കുട്ടികളുടെ വളർച്ചാ നാഴികക്കല്ലുകൾ രേഖപ്പെടുത്തുന്നതിനുള്ള 'കുഞ്ഞൂസ് കാർഡ്' വിതരണവും മന്ത്രി ചടങ്ങിൽ നിർവഹിക്കും.

----------------------

## കാണാതായി

കൊച്ചി വളപ്പ് ബീച്ചിൽ യമൻ സ്വദേശികളായ 9 പേർ അടങ്ങുന്ന സംഘത്തിലെ രണ്ട് പേരെ കാണാതായി. സംഭവസ്ഥലത്ത് കോസ്റ്റൽ പോലീസും, അഗ്നിരക്ഷാ സേനയും, നാവികസേനയും തിരച്ചിൽ നടത്തുന്നുണ്ട്. കോയമ്പത്തൂർ രത്തിനം ആർട്സ് ആൻഡ് സയൻസ് കോളേജിലെ വിദ്യാർത്ഥികളെയാണ് കാണാതായത്.

----------------------

RNUTVPM

## കണ്ണൂർ -കാണാതായി

കണ്ണൂർ അഴീക്കൽ ചാൽ ബീച്ചിനടുത്ത് കടലിൽ കുളിക്കാൻ ഇറങ്ങിയ രണ്ടുപേർ തിരയിൽ പെട്ടു. അഗ്നിരക്ഷാ സേന തിരച്ചിൽ നടത്തുകയാണ്

---------------------

## മഴ

സംസ്ഥാനത്ത് മഴയ്ക്ക് നേരിയ ശമനം. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മാത്രമാണ് ഇന്ന് മഞ്ഞ ജാഗ്രത. നാളെ കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസ്സമില്ലെന്നും നാളെ കടലിൽ പോകരുതെന്നുമാണ് മുന്നറിയിപ്പ്. കർണാടക തീരത്ത് ഇന്നും നാളെയും മീൻപിടിത്തത്തിന് വിലക്കുണ്ട്.

RNU TVPM

---------------------

## മൂഴിയാർ -ജലസംഭരണി

മൂഴിയാർ ജലസംഭരണിയുടെ ഒന്നും രണ്ടും ഷട്ടറുകൾ ഇന്ന് വൈകുന്നേരം ആറ് മണിയോടെ അടച്ചു. മൂന്നാമത്തെ ഷട്ടർ തുറന്ന് വച്ചിരിക്കുന്നതിനാൽ കക്കാട്ടാറിന്റെ ഇരുകരകളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണം. ഒരു സാഹചര്യത്തിലും നദിയിൽ ഇറങ്ങരുത്. നിലവിൽ പ്രദേശത്ത് മഴയില്ലെങ്കിലും കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത മഴ കാരണം ജലസംഭരണിയിൽ ജലനിരപ്പ് ഉയർന്നു നിൽക്കുകയാണ്. തുറന്നു വിടുന്ന ജലം മൂലം ആങ്ങമൂഴി, സീതത്തോട് തുടങ്ങിയ സ്ഥലങ്ങളിൽ നദിയിൽ ജലനിരപ്പ് ഉയരും.

---------------------

## അവധി

കഴിഞ്ഞ ദിവസങ്ങളിലെ ശക്തമായ മഴയെത്തുടർന്ന് കുട്ടനാട്, അമ്പലപ്പുഴ താലൂക്കുകളിലെ മിക്ക പ്രദേശങ്ങളിലും വെള്ളക്കെട്ടുകൾ രൂപപ്പെടുകയും ജലനിരപ്പ് വർദ്ധിക്കുകയും

ചെയ്യുന്ന സാഹചര്യത്തിൽ നാളെ കുട്ടനാട് താലൂക്കിലെയും, അമ്പലപ്പുഴ താലൂക്കിലെ പുറക്കാട് പഞ്ചായത്തിലെയും പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ആലപ്പുഴ ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്കും അവധി നൽകിയിട്ടുണ്ട്. മുൻ നിശ്ചയിച്ച പരീക്ഷകൾക്ക് അവധി ബാധകമല്ല.

---------------------

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ, നാളെ നടക്കുന്ന ഫൈനലിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു - പഞ്ചാബ് കിംഗ്സുമായി ഏറ്റുമുട്ടും. അഹമ്മദാബാദിൽ രാത്രി 07.30 ന് ആണ് മത്സരം. കന്നിക്കിരീടം ലക്ഷ്യമിട്ടാണ് ശ്രേയസ് അയ്യർ നയിക്കുന്ന പഞ്ചാബും, രജത് പാട്ടിദാറിൻറെ നേതൃത്വത്തിലുള്ള ബെംഗളൂരുവും നാളെ കളത്തിലിറങ്ങുന്നത്.

RNU TVPM

---------------------

**ഓഹരി**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 77 പോയിൻറ് കുറഞ്ഞ് 81,374 ലും, നിഫ്റ്റി 34 പോയിന്റ് താഴ്ന്ന് 24,717 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവിലയിൽ വർദ്ധന. ഗ്രാമിന് 30 രൂപ വർദ്ധിച്ച് 8,950 രൂപയും പവന് 71,600 രൂപയുമാണ് ഇന്നത്തെ വില.

---------------------

**ശിശുക്ഷേമ സമിതി**

സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ആസ്ഥാനമായ തിരുവനന്തപുരത്ത് നിന്ന് ഇത്തവണ സ്കൂളുകളിൽ എത്തിയത് 57 കുട്ടികൾ. ഇതാദ്യമായാണ് ഇത്രയും കുട്ടികൾ സ്കൂളിൽ ഒരുമിച്ചെത്തുന്നത്. എൽ.കെ.ജി, യു.കെ.ജി വിഭാഗങ്ങളിലേക്ക് 15 പേരും ഒന്നാം ക്ളാസിലേക്ക് 7 പേരും 2 മുതൽ പ്ളസ് ടു വരെ

ക്ളാസുകളിലായി 34 കുട്ടികളുമാണ് സ്കൂളുകളിലെത്തിയത്. കൊല്ലം ശിശുക്ഷേമ സമിതിയിൽ നിന്ന് 17 കുട്ടികളും ആലപ്പുഴയിൽ അഞ്ചും പത്തനംതിട്ടയിലും മലപ്പുറത്തും 9 വീതവും എറണാകുളത്ത് ഒന്നും പാലക്കാട് ഏഴും കോഴിക്കോടും കാസർകോടും 4 കുട്ടികൾ വീതവും സ്കൂളുകളിൽ എത്തി.

----------------------

<u>മന്ത്രി എ കെ ശശീന്ദ്രൻ</u>

സംസ്ഥാനത്തെ സ്കൂളുകളിൽ വനംവകുപ്പിൻറെ സർപ്പ വോളൻ്റിയർമാർ നടത്തിവരുന്ന പരിശോധന ഈ ആഴ്ചയിലും തുടരും. വിദ്യാർഥികളുടെയും അധ്യാപകരുടെയും സുരക്ഷ മുൻനിർത്തിയാണ് പരിശോധനയെന്ന് വനം മന്ത്രി എ കെ ശശീന്ദ്രൻ പറഞ്ഞു. സ്കൂളുകളിലും പരിസരങ്ങളിലും പാമ്പുകളുടെ സാന്നിധ്യം ഒഴിവാക്കി കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആവിഷ്ക്കരിച്ചത്.

----------------------

-----------

---------

RNU TVPM